പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 4490

26.06.2014-ൽ

മറുപടിയ്ക്ക്

## കയറുല്പന്നങ്ങളുടെ കയറ്റുമതി

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കഴിഞ്ഞ സാമ്പത്തിക വർഷം കയർ വികസന വകുപ്പിന് കീഴിലുള്ള ഓരോ സ്ഥാപനവും എത്ര രൂപയ്ക്കുള്ള കയർ ഉൽപ്പന്നങ്ങൾ കയറ്റി അയച്ചു എന്ന് വ്യക്തമാക്കുമോ; | എ) കഴിഞ്ഞ സാമ്പത്തികവർഷം കയർ വികസന വകുപ്പിനു കീഴിലുള്ള കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 244.00 ലക്ഷം രൂപയുടെയും, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് 72.24 ലക്ഷം രൂപയുടെയും, കയർഫെഡ് 29.67 ലക്ഷം രൂപയുടെയും കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. |
| ബി) കഴിഞ്ഞ വർഷം നടത്തിയ കയറ്റുമതിയിൽ പരമ്പരാഗത ഉൽപ്പന്നങ്ങളായ ഫൈബർ മാറ്റുകൾ, കാർപ്പറ്റുകൾ, കയറുപായ എന്നിവ എത്ര അളവിലും എന്തു തുകയ്ക്കും കയറ്റുമതി ചെയ്തുവെന്ന് വ്യക്തമാക്കാമോ; | ബി) ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നീ സ്ഥാപനങ്ങൾ കഴിഞ്ഞ വർഷം ഫൈബർ മാറ്റുകൾ, കാർപ്പറ്റുകൾ, കയറ്റുപായ എന്നിവയും, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഫൈബർ മാറ്റുകളും, കാർപ്പറ്റുകളും കയറ്റുമതി ചെയ്തിട്ടില്ല. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കഴിഞ്ഞ വർഷം 5,40,096/- രൂപ വില വരുന്ന 9,600 ചതുരശ്ര മീറ്റർ കയറ്റുപായയും, 48,46,080/- രൂപ വില വരുന്ന 15,144 ചതുരശ്ര മീറ്റർ കയർ/റബർ മോൾഡഡ് മാറ്റുകളും കയറ്റുമതി ചെയ്തിട്ടുണ്ട്. |
| സി) കഴിഞ്ഞ വർഷം എത്ര ചതുരശ്രമീറ്റർ പി. വി. സി. ടഫ്റ്റഡ് മാറ്റുകൾ കയറ്റുമതി ചെയ്തുവെന്നും അതിന്റെ മൂല്യം എത്രയെന്നും സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? | സി) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കഴിഞ്ഞ വർഷം 87,42,300/- രൂപ വിലവരുന്ന 24,978 ചതുരശ്ര മീറ്റർ പി.വി.സി. ടഫ്റ്റഡ് മാറ്റുകൾ കയറ്റുമതി |

| | |
|---|---|
| | ചെയ്തിട്ടുണ്ട്. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നീ സ്ഥാപനങ്ങൾ കഴിഞ്ഞ വർഷം പി.വി.സി ടഫ്റ്റഡ് മാറ്റുകൾ കയറ്റുമതി ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ